# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത* | *14/03/2017 -ൽ മറുപടിക്ക്*
*ചോദ്യം നമ്പർ : 3607*

## *അരൂർ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ജംഗാർ നിർമ്മാണം*

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ.എം. ആരിഫ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| എ. | അരൂർ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 1.75 കോടി രൂപ ചെലവിൽ പെരുമ്പളം പഞ്ചായത്തിലേക്ക് ജംഗാർ അനുവദിച്ചതിന്റെ ഭരണാനുമതി എന്നാണ് ഇറക്കിയത് ; | എ. | പെരുമ്പളം പഞ്ചായത്തിലേക്ക് ജംഗാർ അനുവദിക്കുന്നതിനായി 31/07/2015 ലെ സ. ഉ. (സാധ) നം. 632 / 15 / F&PD . ഉത്തരവ് പ്രകാരമാണ് പുതുക്കിയ ഭരണാനുമതി നൽകിയത് |
| ബി. | നിർമ്മാണ നിർവ്വഹണം ഏറ്റെടുത്തത് ഏതു സ്ഥാപനമാണ് ; | ബി. | കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ. |
| സി | പ്രസ്തുത സ്ഥാപനം ജംഗാർ നിർമ്മാണം നേരിട്ടു നടത്തുകയാണോ ചെയ്തത് ; | സി. | അതെ. |
| ഡി | ടെണ്ടർ ചെയ്ത് തന്നെയാണോ ഈ പ്രവൃത്തി പുറത്തുനിന്നുള്ള കോൺട്രാക്ടർമാരെ ഏൽപിച്ചത് ; കരാർ കൊടുത്തുവെങ്കിൽ എത്ര രൂപയ്ക്കാണ് ടെണ്ടർ സ്വീകരിച്ചത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | ഡി. | ലേബർ ഭാഗം കരാർ നൽകിയത് ടെൻഡർ വിളിച്ചാണ്. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ജെ പി മറൈൻ-നെ തെരഞ്ഞെടുക്കുകയും ₹ 33,49,000/- (മുപ്പത്തിമൂന്ന് ലക്ഷത്തി നാല്പത്തി ഒമ്പതിനായിരം രൂപ മാത്രം ) രൂപയുടെ വർക്ക് ഓർഡർ നൽകുകയും ചെയ്തു. |
| ഇ. | കരാർ നല്കിയതിനു പുറമെ എത്ര രൂപയുടെ ചെലവ് കൂടി നിർമ്മാണം പൂർത്തീകരിയ്ക്കുന്ന -തിനായി വേണ്ടിവന്നുവെന്ന് വ്യക്തമാക്കാമോ ; | ഇ. | കരാർ തുകയ്ക്ക് പുറമെ ₹ 1,19,69,305/- (ഒരു കോടി പത്തൊൻമ്പത് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി മൂന്നൂറ്റഞ്ച് രൂപ മാത്രം) രൂപ കൂടി നിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ടി ചെലവാക്കിയിട്ടുണ്ട്. |
| എഫ്. | പെരുമ്പളം പഞ്ചായത്ത് ജംഗാർ നിർമ്മാണത്തിനായി എത്ര രൂപ നൽകിയി-ട്ടുണ്ട് ; നിർമ്മാണം പൂർത്തീകരിച്ച് ജംഗാർ എന്നാണ് പെരുമ്പളം പഞ്ചായത്തിന് കൈമാറിയത് ; | എഫ്. | ₹ 1,71,98,676/-(ഒരു കോടി എഴുപത്തൊ-ന്നു ലക്ഷത്തി തൊണ്ണൂറ്റെട്ടായിരത്തി അറുന്നൂറ്റി എഴുപത്താറ് രൂപ ) രൂപ നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കി 22/01/2016 നാണ് പെരുമ്പളം പഞ്ചായത്തിന് ജങ്കാർ കൈമാറിയത്. |

**ജി.** പണി പൂർത്തിയായിട്ടും ജംഗാർ സർവ്വീസ് ആരംഭിക്കുവാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; പെരുമ്പളത്തെ ജനപ്രതിനിധികൾ ജംഗാർ സർവ്വീസ് ആരംഭിക്കാത്തതിനെ തുടർന്ന് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ഓഫീസിൽ സമരം നടത്തിയിരുന്നോ ; എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ അധികൃതരുമായി നടത്തിയ ചർച്ച പ്രകാരം എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തത് ; ആയത് പ്രകാരം എന്ന് സർവ്വീസ് നടത്താവുന്ന നിലയിൽ ജംഗാർ മെയിന്റനൻസ് നടത്തി പഞ്ചായത്തിന് ഏൽപിക്കാമെന്നാണ് സമ്മതിച്ചത് ; ആ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ; ആയത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു ; ജംഗാർ നിർമ്മാണവും അതിന്റെ സർവ്വീസ് നടത്താ-നാവാത്തതും സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ആരെങ്കിലും നൽകിയിട്ടുണ്ടോ ; ആയത് സംബന്ധിച്ച് എന്ത് അന്വേഷണ-മാണ് നടത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

**ജി.** പൂർണ്ണമായും കെ.ഐ.വി. 2010 റൂൾ പ്രകാരം നിർമ്മിച്ച പ്രസ്തുത ജങ്കാർ പഴയ രീതിയിലുള്ള ജെട്ടിയിൽ അടുപ്പിക്കാൻ കഴിയാതെ വന്നതിനാലാണ് സർവ്വീസ് ആരംഭിക്കാൻ സാധിക്കാഞ്ഞത്. കെ.ഐ.വി. റൂളിൽ ജല വാഹനങ്ങൾക്ക് ജലോപരിതലത്തിൽ നിന്ന് ചുരുങ്ങിയത് 76 സെന്റീമീറ്റർ ഉയരം വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഴയ ജങ്കാറിൽ ഇത് 50 സെന്റീമീറ്റർ മാത്രമാണ്. തന്മൂലം ജെട്ടികൾ പുതിയ ജങ്കാറിന് വേണ്ടി പുതുക്കി പണിയേണ്ടിയിരുന്നു. ഇതിന് വേണ്ടി ഇറിഗേഷൻ വകുപ്പ് ടെഡർ വിളിച്ചിരുന്നു. എന്നാൽ ഇതിന് വേണ്ടി 45 ദിവസം സർവ്വീസ് മുടക്കേണ്ടിവരും എന്നതിനാൽ ജനങ്ങൾ എതിർക്കുകയും പകരം ജങ്കാറിൽ മാറ്റം വരുത്തുന്നതിനു വേണ്ടി കമ്പനിയെ നിർബന്ധിക്കുകയും ആയിരുന്നു. ഇതിനുവേണ്ടി കമ്പനി ഓഫീസിനു മുന്നിൽ സമരം നടത്തിയിരുന്നു. അരൂർ എം.എൽ.എ. ശ്രീ.ആരിഫിന്റെ സാന്നിദ്ധ്യത്തിൽ അധികൃതരുമായി നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതിനെ തുടർന്ന് മാറ്റം വരുത്തിയ ജങ്കാർ 01/03/2017 മുതൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇതുവരെ (09/03/2017) യുള്ള സർവ്വീസ് തൃപ്തികരമാണ്. ജങ്കാറിന്റെ നിർമ്മാണ അപാകത സംബന്ധിച്ച് പെരുമ്പളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ പരാതി സമർപ്പിച്ചിരുന്നു. ആയതിൽ സർക്കാർ നിർദ്ദേശം അനുസരിച്ച് രജിസ്റ്ററിംഗ് അതോറിറ്റി, സർവ്വേയർ (കെ.ഐ.വി.) എന്നിവർ ജങ്കാർ നേരിട്ട് പരിശോധിച്ച് തുറമുഖ വകുപ്പ് ഡയറക്ടർ, അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## *അരൂർ എം.എൽ.എ. ശ്രീ.ആരിഫിന്റെ സാന്നിദ്ധ്യത്തിൽ അധികൃതരുമായി നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ*

1.. പുതിയ ജംഗാറിനു വേണ്ട മോഡിഫിക്കേഷനുകൾ ഡിസംബർ 15 നകം ചെയ്ത് ട്രയൽ റൺ നടത്തി തിരികെ കൈമാറുന്നതാണ്.

2. പ്രസ്തുത ജങ്കാർ ഉടൻ തന്നെ (15.11.2016-നകം) പെരുമ്പളത്തുനിന്ന് മാറ്റുന്നതാണ്.

3. നിലവിൽ ഓടുന്ന ജങ്കാറിന്റെ വാടക ഒഴിവാക്കുന്നത് സംബന്ധിച്ച് നല്കിയിട്ടുള്ള കത്തിന്മേൽ ഉചിതമായ തീരുമാനം ജങ്കാർ മോഡിഫിക്കേഷനുശേഷം കൈമാറുന്നതിനു മുമ്പായി ഉഭയകക്ഷി ചർച്ചകൾ നടത്തി എടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**